# ക്രിസ്തുവിൽ ഹൃദയം തണുപ്പിക്ക

## ഫിലേമോൻ 1:20

**“അതേ സഹോദരാ, നിന്നെക്കൊണ്ടു എനിക്കു കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക.”**

അപ്പോസ്തോലനായ പൗലോസ് എഴുതിയ ലേഖനങ്ങളിൽ ഏറ്റവും ചെറിയ ലേഖനം ആണിത്. ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമോസ് തന്റെ യജമാനന്റെ വസ്തുവകകൾ മോഷ്ടിച്ചുകൊണ്ട്, യജമാനിനിൽ നിന്നും ഒളിച്ചോടിപ്പോയി, റോമിൽ എത്തി, അവിടെ പൗലോസിനെ കണ്ടുമുട്ടി, അങ്ങനെ യേശുക്രിസ്തുവിൽ വിശ്വസിക്കാൻ ഇടയായി. അവനിൽനിന്നു സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു. ക്രിസ്തുവുമായുള്ള ബന്ധം ഒനേസിമോസിൽ വലിയ വ്യത്യാസം ഉളവാക്കി, തൽഫലമായി എല്ലാവർക്കും പ്രയോജനം ഉള്ളവനായി തീർന്നു. ദൈവമക്കൾ മറ്റുള്ളവർക്ക് പ്രയോജനമുള്ളവരാകണം.

ഒനേസിമോസ് ഇന്ന് ക്രിസ്തുവിൽ സഹോദരനാണ്. ക്രിസ്തുവിന് വേണ്ടി ബഹു കഷ്ടം സഹിച്ചവനായ പൗലോസ് ഫിലേമോന്റെ ആത്മീക പക്വത അറിഞ്ഞു അവനോട് ഒനേസിമോസിനു വേണ്ടി അപേക്ഷിക്കുന്നു, അടിമയായ ഒനേസിമോസിനെ ഒരു സഹോദരനായി കാണണമെന്ന്. ക്രിസ്തുവിൽ ദൈവമകൾക്കുള്ള പദവി വ്യക്തമായിരിക്കുന്നു, അവർ സഹോദരൻമാരാണ്. ദൈവമക്കളെ നാം സ്നേഹിക്കുമ്പോൾ നമ്മുടെ പെരുമാറ്റങ്ങൾക്ക് വ്യത്യാസം ഉണ്ടാകും. ഒനേസിമോസും, പൗലോസിന് പ്രാണപ്രിയനായിരുന്നു. നാം ദൈവമക്കളോട് ഈ മനോഭാവം ഉള്ളവരാണോ? ഇന്ന് ഒനേസിമോസ് ക്രിസ്തുവിൽ സ്വതന്ത്രനും പ്രയോജനമുള്ളവനുമാണ്. ദൈവത്തിനു അവകാശിയും ക്രിസ്തുവിൽ കൂട്ടവകാശിയും തന്നെ. ഫിലേമോൻ പൗലോസിനാൽ ക്രിസ്തുവിൽ ആകർഷിക്കപ്പെട്ടവനാണ്, അവൻ സഹോദരന്മാരുടെ ഹൃദയം തണുപ്പിച്ചവനാണ്. ഇന്ന് നമ്മെ കുറിച്ച് അങ്ങനെ പറയുവാൻ കഴിയുമോ. അതുകൊണ്ട് ഫിലേമോനോട് ഒനേസിമോസിനുവേണ്ടി ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക എന്ന് ആവശ്യപ്പെടുകയാണ്.

വിശ്വാസികൾക്ക് ക്രിസ്തു മൂലം ലഭിച്ച പാപക്ഷമയെ ഈ ലേഖനം ഓർമ്മിപ്പിക്കുന്നു. ഒനേസിമോസിനു വേണ്ടി പൗലോസ് അഭയയാചന ചെയ്തതുപോലെ ക്രിസ്തു നമുക്ക് വേണ്ടി പിതാവിന്റെ സന്നിധിയിൽ പക്ഷവാദം ചെയ്യുന്നു, അതിനാൽ ദൈവത്തിന്റെ പ്രിയ ജനമേ നാം അറിഞ്ഞ ക്രിസ്തുവിനെ മറ്റുള്ളവരിലേക്കും പകർന്നു കൊടുത്തുകൊണ്ട്

ക്രിസ്തുവിൽ ഹൃദയം തണുപ്പിക്കുന്നവരായി തീരുവാൻ ദൈവം നമ്മളെ ഓരോരുത്തരെയും ഇടയാക്കട്ടെ.

പരാമർശം

1 പത്രൊസ് 2:24

നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു.

## സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 014